"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.2340/2025/LSGD തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-
1. 06.03.2023 ലെ സ.ഉ.(സാധാ)564/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. 02.06.2023 ലെ സ.ഉ.(സാധാ)11530/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
3. 16.07.2025 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/44247/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ 01/04/2023 മുതൽ 20/6/2023 വരെ കുടിവെള്ളം വിതരണം നടത്തിയതിന് ആകെ 16,87,500/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും സർക്കാർ ഉത്തരവ് പ്രകാരം കുടിവെള്ളവിതരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന് മാർച്ച് മാസം 6 ലക്ഷം രൂപയും ഏപ്രിൽ, മെയ് മാസങ്ങളിൽ 12 ലക്ഷം രൂപയുമാണ് ചെലവഴിക്കാൻ അനുമതി നല്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ 01/04/2023 മുതൽ 18/05/2023 വരെ കുടിവെള്ളം വിതരണം ചെയ്തതിനു 12 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായും തുടർന്ന് കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ 19/05/2023 മുതൽ 31/05/2023 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം കുടിവെള്ളവിതരണത്തിന്റെ കാലാവധി 01/06/2023 മുതൽ 20/6/2023 വരെ നീട്ടി നല്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നും അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 19/05/2023 മുതൽ 20/6/2023 വരെ കുടിവെള്ളം സർക്കാർ ഉത്തരവിനെ അധികരിച്ച് വിതരണം നടത്തിയിട്ടുള്ളതും ആയതിന് ചെലവായ 4,87,500/- രൂപ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനം, വാഹനത്തിന്റെ

ടിപ്പ് ഷീറ്റ്, ജി.പി.എസ്. റിപ്പോർട്ട് സഹിതം പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 4,87,500/- രൂപ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി അനുബന്ധ രേഖകൾ സഹിതം പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ 19/05/2023 മുതൽ 20/6/2023 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,87,500/- (നാല് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ചുനൂറ് രൂപ മാത്രം)രൂപ, ചിലവ് ആധികാരികത അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അഗളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത് , പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2)കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 25-09-2025 12:14:53
സെക്ഷൻ ഓഫീസർ